**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5400 — 06.07.2012-ൽ മറുപടിക്ക്

## പകർച്ചപ്പനി പ്രതിരോധത്തിന് ഹോമിയോ ആയുർവ്വേദ വകുപ്പുകൾ സ്വീകരിച്ച നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. വി. എസ്. ശിവകുമാർ<br>**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| എ) പകർച്ചപ്പനി ഉൾപ്പെടെയുള്ള മഴക്കാല രോഗങ്ങളുടെ ചികിത്സയ്ക്കും പ്രതിരോധത്തിനുമായി സംസ്ഥാന ഹോമിയോ, ആയുർവ്വേദ വകുപ്പുകൾ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ; | എ) ഹോമിയോപ്പതി വകുപ്പ് സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ആവശ്യമുള്ള ഘട്ടങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുവാനും പനി ചികിത്സയ്ക്കും പ്രതിരോധത്തിനും വേണ്ട ഹോമിയോ മരുന്നുകൾ വിതരണം ചെയ്യുന്നതിനും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനും പനി ക്ലിനിക്കുകൾ തുടങ്ങുന്നതിനും ഹോമിയോ മരുന്നുകളുടെ ലഭ്യതയെക്കുറിച്ച് പത്രമാധ്യമങ്ങളിലൂടെ ജനങ്ങളെ അറിയിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ഭാരതീയ ചികിത്സാ വകുപ്പ് മഴക്കാല രോഗങ്ങളെ നേരിടുന്നതിനായി ഓരോ ജില്ലകളിലേയും ആയുർവേദ സ്ഥാപനങ്ങളെ ഏകോപിപ്പിച്ച് ടാസ്ക്ഫോഴ്സ് രൂപീകരിച്ച് മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നതിനും പ്രതിരോധ പ്രവർത്തന ക്ലിനിക്കുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. മഴക്കാല രോഗ പ്രതിരോധ മുൻകരുതലായി അത്യാവശ്യ ഔഷധങ്ങൾ എല്ലാ ആയുർവേദ സ്ഥാപനങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്. |
| ബി) ഏതെല്ലാം കേന്ദ്രങ്ങളിൽ എന്തെല്ലാം മരുന്നുകളാണ് സൗജന്യമായി ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നത് ; ആയതിന് ഉപയോഗിക്കുന്ന ഹോമിയോ, ആയുർവ്വേദ മരുന്നുകൾ ഏതെല്ലാമെന്ന് വേർതിരിച്ച് വ്യക്തമാക്കുമോ ? | ബി) ഹോമിയോപ്പതി വകുപ്പിൽ ഹോമിയോ ആശുപത്രികൾ, ഡിസ്പെൻസറികൾ എന്നിവ വഴിയും അതാത് ജില്ലാ മെഡിക്കലാഫീസർമാർ സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പുകൾ വഴിയും മരുന്നുകൾ വിതരണം ചെയ്തു വരുന്നു. പ്രതിരോധ മരുന്നായി ഇപ്പോൾ നൽകി വരുന്ന മരുന്നുകൾ<br>1. Nux VoM-30<br>2. Ars Alb-30<br>3. Eupt Perf-30<br>4. Verat.Alb-30<br>5. Rhuns-tox-30 |

........2

ചികിത്സയ്ക്കായി ഉപയോഗിക്കുന്ന മരുന്നുകൾ

Aconite, Ars.Alb, Bryonia, Belladanna, Eupt-Perf, Gels, Hepar Sulpt, Kali mur, Ipecac, Pulsattila, Nux-Vom, Rhus-tox, Silicea, Tuberculinam, Influenzinam, Merc-Sol, Baptesia, Phosphorus, Verat-vir, Verat-Alb, Cinchona, Cina, Lachesis, Lycopodium, sulphur തുടങ്ങിയവയാണ്.

മഴക്കാലരോഗങ്ങളെ നേരിടുന്നതിനുള്ള ആയുർവ്വേദ മരുന്നുകൾ ജില്ലാ ആയുർവേദ ആശുപത്രി, താലൂക്ക് ആയുർവേദ ആശുപത്രി, ഡിസ്പെൻസറികൾ എന്നിവ മുഖേനയാണ് ലഭ്യമാക്കുന്നത്. മരുന്നുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. അമൃതാദി സൂക്ഷ്മ ചൂർണ്ണം
2. പത്ഥ്യാദി സൂക്ഷ്മ ചൂർണ്ണം
3. സുദർശനം ഗുളിക
4. താലീസ് പത്രാദി ചൂർണ്ണം
5. വില്വാദി ഗുളിക
6. അപരാജിത ചൂർണ്ണം

സെക്ഷൻ ഓഫീസർ